പിരിച്ചുവിടപ്പെട്ട ഹരിജനവനിതകളെ തിരിച്ചെടുത്തു പ്രോത്സാഹിപ്പിക്കേണ്ടതു ഒരു കടമയാണെന്നു വിചാരിക്കുന്നില്ലെയോ?

Mr. Speaker: That is an argument?

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള. അവരുടെ പേരുകൾ ഇവിടെ പ്രസ്താവിച്ചതു പൊതുജനതാല്പര്യങ്ങൾക്കു വിരുദ്ധമല്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെയാണെന്നു തോന്നിയെങ്കിൽ പറയുകയില്ലായിരുന്നു.

ശ്രീ. എ. താണുപിള്ള: ഈ രണ്ടു സ്ത്രീകളും പോലീസിൽ എത്രകാലം വീതം ജോലിനോക്കി എന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ വിവരങ്ങൾ ഇപ്പോൾ എന്റെ കൈവശമില്ല.

Sri. A. P. Udayabhanu: Are they allowed to marry?

Sri. T. K. Narayana Pillai : Yes, they are allowed to marry.

ബിരുദധാരികളും അല്ലാത്തവരുമായ ദേശീയവൈദ്യന്മാർ

*ന ര വു. (ന ഛ) ശ്രീ. കെ. കെ. കേശവൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട പൊതുജനാരോഗ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ.—

ബിരുദധാരികളും അല്ലാത്തവരുമായ ദേശീയവൈദ്യന്മാർ സേവനം നടത്തുന്നതിനെ നിയന്ത്രിക്കുന്ന ഏതെങ്കിലും നിയമം ഇപ്പോൾ ഐക്യസംസ്ഥാനത്തു നിലവിലുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

ഉണ്ടു്. തിരുവിതാംകൂർ വിഭാഗത്തിൽ തിരുവിതാംകൂർ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടു് നിലവിലുണ്ടു്.

ശ്രീ. കെ. കെ. കേശവൻ: കൊച്ചിവിഭാഗത്തിലേക്കു് ആ നിയമം ബാധകമാണോ?

ശ്രീ. എ. ജെ. ജാൺ: ഇപ്പോൾ ബാധകമല്ല. തിരുവിതാംകൂറിലും കൊച്ചിയിലും ഒന്നുപോലെ ബാധിക്കുന്നതായ ഒരു നിയമം ഉണ്ടാക്കുന്നകാര്യത്തെപ്പറ്റി ഗവണ്മെന്റു് ആലോചിച്ചുകൊണ്ടിരിക്കയാണു്. ഉടൻതന്നെ ഒരു ബില്ലു് തയ്യാറാക്കി നിയമസഭയിൽ അവതരിപ്പിക്കുന്നതാണു്.

Sri. P. Balakrishnan Tampi: Will there not be dangerous exodus of quacks from Travancore to Cochin.

(No answer.)

ശ്രീ. കെ കെ. കേശവൻ: ഇപ്പോൾ തിരുവിതാംകൂറിൽ നിലവിലിരിക്കുന്ന നിയമം കൊച്ചിയിലേക്കുകൂടി വ്യാപിപ്പിക്കാൻ സാധ്യമല്ലേ?

ശ്രീ. എ. ജെ. ജാൺ: അതു കൊച്ചിയിലേക്കുകൂടി വ്യാപിപ്പിക്കണമെങ്കിൽ ഈ സഭയിൽ അതിനൊരു ബില്ലു് പാസാക്കിയാലേ നിവർത്തിയുള്ളു. അതല്ലാതെ ഗവണ്മെന്റിന്റെ ഒരു നോട്ടിഫിക്കേഷൻമൂലം അതു ചെയ്യുവാൻ സാധ്യമല്ല.

ശ്രീ. കെ. കെ. കേശവൻ: ഇപ്പോൾ തിരുവിതാംകൂർ വിഭാഗത്തിൽ നടപ്പിലിരിക്കുന്ന രജിസ്ട്രേഷൻ സമ്പ്രദായം മാത്രമെങ്കിലും കൊച്ചിവിഭാഗത്തിലേക്കുകൂടി വ്യാപിപ്പിക്കുവാൻ സാധ്യമല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ എ. ജെ. ജാൻ: അതിനും ഒരു പുതിയബില്ല് നിയമസഭയിൽ പാസാക്കിയാലേ ഒക്കുകയുള്ളൂ.

പോലീസുദ്യോഗസ്ഥന്മാരെ സംബന്ധിച്ച സർക്കുലർ

*൩൪൯ (൧൨) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) പോലീസുദ്യോഗസ്ഥന്മാരേയും പോലീസുകാരെയും അവരുടെ വീടിനും താമസിടിനും ഫ 8 മൈൽ ദൂരെയല്ലാതെ നിയമിക്കാൻ പാടില്ലെന്നു ഒരു സർക്കുലർ ഉള്ളതായി അറിയാമോ;

(ബി) ഇതു ശരിയായി പാലിക്കപ്പെട്ടുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണമെന്തു?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) അറിയാം.

(ബി) കഴിയുന്നത്ര പാലിക്കപ്പെട്ടുന്നുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എ. വി. ജോസഫ്: കഴിയുന്നത്ര പാലിക്കുന്നുണ്ടെന്നു പറഞ്ഞാൽ ചിലപ്പോൾ പാലിക്കുന്നില്ലെന്നും അർത്ഥമില്ലേ? എല്ലായ്പ്പോഴും എന്തുകൊണ്ടാണ് അതു കൃത്യമായി പാലിക്കാതിരിക്കുന്നതു?

ശ്രീ. ടി. കെ. നാരായണപിള്ള: അസാധാരണ പരിതസ്ഥിതികളിൽ ചിലപ്പോൾ പാലിക്കാൻ നിവൃത്തിയില്ലാതെവരാനും ഇടയുണ്ട്.

ശ്രീ. എ. വി. ജോസഫ്: അതു കൃത്യമായി പാലിക്കാൻ ഗവൺമെണ്ട് ആലോചനയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതുതന്നെയാണ് ഗവൺമെണ്ടിന്റെ നയം.

ശ്രീ. കെ. ആർ. ഇലങ്കത്തു: ഈ റൂൾ അതു കൃത്യമായി പാലിക്കണമെങ്കിൽ റിക്രൂട്ടുമെന്റതന്നെ പ്രദേശങ്ങളെ അടിസ്ഥാനപ്പെടുത്തി വേണ്ടിവരുമെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതേപ്പറ്റി ആലോചിച്ചിട്ടില്ല.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ഈ റൂൾ ഭേദപ്പെടുത്തണമെന്നു് അഭിപ്രായമുള്ളതായി അറിയാമോ?

ശ്രീ ടി. കെ. നാരായണപിള്ള: അറിയാൻപാടില്ല.

നിറുത്തുന്ന ആഴ്ചപത്രികകൾ

*൩൫൦. (൧൧) ശ്രീ. എ. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇന്നു സംസ്ഥാനത്തുള്ള ഏതെങ്കിലും ഡിസ്ട്രിക്ടാഴ്ചപത്രികകൾ നിറുത്തലാക്കാൻ ആലോചനയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏവ;

(സി) അല്ലെങ്കിൽ ഡിസ്ട്രിക്ട് ആഴ്ചപത്രി വിപുലീകരിക്കാൻ ആലോചനയുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly